


# KRISHNAPURAM GRAMA PANCHAYAT





കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2025-26

## *ആമുഖ പ്രസംഗം*

ആദരണീയ വൈസ് പ്രസിഡന്റ്, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി അദ്ധ്യക്ഷന്മാർ, പഞ്ചായത്ത് സെക്രട്ടറി, ഭരണസമിയംഗങ്ങൾ, നിർവഹണോദ്യോഗസ്ഥർ, ജീവനക്കാർ സന്നിഹിതരായിട്ടുള്ള ബഹുമാന്യരേ,

വികേന്ദ്രീകൃത വികസനത്തിന്റെ ചരിത്രത്തിൽ പൊൻതൂവലായി മാറുന്ന നേട്ടങ്ങളാണ് കഴിഞ്ഞ നാലുവർഷത്തെ നവകേരള ദൌത്യത്തിലൂടെ നാം നേടിയെടുത്തത്. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, പാർപ്പിടം, ദുർബല വിഭാഗങ്ങളുടെ ശാക്തീകരണം, ക്ഷേമ പ്രവർത്തനങ്ങൾ, സംരഭകത്വ പ്രോത്സാഹനം, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, പശ്ചാത്തല വികസനം തുടങ്ങിയ മേഖലകളിൽ നാം നടത്തിയ ഇടപെടലുകളിലൂടെ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം അതിന്റെ സുവർണ്ണ കാലഘട്ടമായി മാറിയിരിക്കുന്നു.

14-ാം പഞ്ചവത്സര പദ്ധതിയുടെ നാലാം വാർഷിക പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും ഭരണ-സേവന സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിഭവങ്ങൾ എങ്ങനെ സമാഹരിക്കാമെന്നും എങ്ങനെ ചെലവുകൾ നടത്താമെന്നും വിവിധതലങ്ങളിൽ വിശദമായി ചർച്ചനടത്തുകയുണ്ടായി. അതിന്റെ ഫലമായി സംസ്ഥാന സർക്കാരിൽ നിന്നു ലഭിക്കുന്ന പ്ലാൻഫണ്ടും മറ്റ് ഗ്രാന്റുകളും മേൽത്തട്ടിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളും പഞ്ചായത്ത് തനത് ഫണ്ടും ഉപയോഗിച്ച് പരമാവധി ജനക്ഷേമപരമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പഞ്ചായത്തിന്റെ വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, പശ്ചാത്തല സൗകര്യ വികസനം, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് ഉത്പാദന-സേവന-പശ്ചാത്തല മേഖലകൾക്ക് പരമാവധി ഫണ്ട് വകയിരുത്തി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുക എന്നതാണ് പഞ്ചായത്തിന്റെ കാഴ്ചപ്പാട്. പദ്ധതി പണം

ചെലവഴിക്കുന്നത് സാമൂഹ്യ, സാമ്പത്തിക പുരോഗതിയ്ക്ക് മുതൽക്കൂട്ടാവണം. നാം ഏറ്റെടുക്കുന്ന പദ്ധതികൾ പ്രാദേശിക പ്രശ്നങ്ങളെ അതിജീവിക്കുന്ന തരത്തിലായിരിക്കണം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെയും, ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയുമാണ് പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. അതിനായി വ്യത്യസ്ത വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ആവശ്യമായുണ്ട്. ഇത്തരത്തിൽ പങ്കാളിത്തത്തിലൂടെയുള്ള സമഗ്രവികസനമാണ് പഞ്ചായത്തിന്റെ പൊതു സമീപനം. വാർഡ് അടിസ്ഥാനത്തിൽ തുക വീതം വെയ്ക്കുന്നത് വിഭവ വിന്യാസത്തെ ബാധിക്കുമെന്നതിനാൽ പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. അത്തരത്തിൽ ഫലപ്രദമായി ഫണ്ടുകൾ വിനിയോഗിച്ചാൽ മാത്രമേ പഞ്ചായത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാകുകയുള്ളൂ.

ഏറ്റവും കൂടുതൽ ജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന അധികാര കേന്ദ്രമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറിയ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ പഞ്ചായത്ത് കൈകാര്യം ചെയ്യേണ്ടി വരുന്നതും അഭിമുഖീകരിക്കേണ്ടതുമായ വിഷയങ്ങൾ ഏറിവരുകയും അവ സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതലയും പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു. മുൻഗണനാക്രമത്തിൽ ഓരോ പ്രശ്നങ്ങളും ഘട്ടം ഘട്ടമായി പൂർത്തീകരിച്ചുവരികയാണ്. ശേഷിക്കുന്ന പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ശിലകളായ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പ്രോജക്ട് നിർദ്ദേശങ്ങളാണ് 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് ഈ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്. പട്ടികജാതിക്കാർ, പിന്നാക്കവിഭാഗക്കാർ, ഭിന്നശേഷിയുള്ളവർ, വൃദ്ധർ, നിരാലംബരായ രോഗികൾ, ശിശുക്കൾ, വനിതകൾ, മറ്റു ദുർബല വിഭാഗങ്ങൾ എന്നിവരിൽ അർഹരായവരെ കണ്ടെത്തി അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ട് ആവശ്യമായ ഫണ്ട് വകയിരുത്തുന്നു. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ട് രാഷ്ട്രീയ വിവേചനമില്ലാതെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ച് സമഗ്രമായ വികസനം സാദ്ധ്യമാക്കുകയെന്ന ഉദ്ദേശത്തോടെ ഈ സാമ്പത്തിക വർഷംതന്നെ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ച് ലക്ഷ്യം നേടിയെടുക്കുകയെന്നതാണ് ഈ പഞ്ചായത്ത് ഭരണസമിതിയുടെ നയം.

പഞ്ചായത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിസ്ഥാന വർഗ്ഗത്തിന് പ്രയോജനകരമാകുമ്പോൾ മാത്രമേ നമ്മളുടെ സേവനം മികച്ചതാണെന്ന് അവർക്ക് അനുഭവവേദ്യമാകുകയുള്ളൂ. സമൂഹത്തിലെ ഏറ്റവും അർഹരായവരെ കണ്ടെത്തി അവർക്ക് വേണ്ട സഹായമെത്തിക്കുന്നതിലൂടെ സംതൃപ്തമായ ഒരു സമൂഹമാണ് നമ്മൾ സ്വപ്നം കാണുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെയും വിഭവശേഷിയുടെയും പരിമിതികൾ മറികടന്നുകൊണ്ട് ജനസങ്കല്പത്തിനനുസരിച്ചുള്ള ഒരു ഭരണസംവിധാനവും കാര്യക്ഷമമായ സേവന വിതരണവും സാർത്ഥകമാക്കുന്നതിനാണ് നമ്മൾ ലക്ഷ്യമിടുന്നത്.

ഈ സാമ്പത്തിക വർഷം കാർഷികമേഖലയ്ക്ക് പ്രാധാന്യം കുറയ്ക്കാതെ തന്നെ പാർപ്പിടമേഖലയ്ക്കും മാലിന്യ നിർമ്മാർജ്ജനത്തിനും വനിതാ –ശിശു ശാക്തീകരണത്തിനും പശ്ചാത്തലമഖലയ്ക്കുമാണ് കൂടുതൽ മുൻഗണന നൽകിയിട്ടുള്ളത്. അനുവദിക്കപ്പെട്ടിട്ടുള്ള വികസനഫണ്ടിൽ നിന്നും 3,50,00,000/-രൂപ പാർപ്പിട മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നു. ഉത്പാദന മേഖലയ്ക്ക് 1,04,27,000/- രൂപയും സേവന മേഖലയ്ക്ക് 15,16,36,190/-രൂപയുംപശ്ചാത്തല മേഖലയ്ക്ക് 2,30,00,000/-രൂപയും വകയിരുത്തുന്നു.

ബജറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും നിർല്ലോഭമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അദ്ധ്യക്ഷൻ കൂടിയായ വൈസ് പ്രസിഡന്റ് ശ്രീമതി. ശ്രീലത ശശിയെ ബജറ്റ് അവതരണത്തിനായി ക്ഷണിക്കുന്നു.

(ഒപ്പ്)

തീയതി : 21.02.2025 കോട്ടിരേത്ത് ശ്രീഹരി
സ്ഥലം : കൃഷ്ണപുരം പ്രസിഡന്റ്, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് 2025-26 – അവതരണം

ബഹുമാനപ്പെട്ട യോഗ അദ്ധ്യക്ഷൻ ശ്രീ. കോട്ടിരേത്ത് ശ്രീഹരി, ആദരണീയ ഭരണസമിതി അംഗങ്ങളെ,

പങ്കാളിത്ത ആസൂത്രണത്തിന്റെ ഉത്തമ മാതൃകയായ ജനകീയാസൂത്രണം ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ അതിന്റെ സുവർണ്ണ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ജനകീയാസൂത്രണത്തിലൂടെ അധികാര വികേന്ദ്രീകരണത്തെ പ്രാദേശിക സാമ്പത്തിക വികസനത്തിനും, പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ജീവിത പുരോഗതിക്കും, സാമൂഹ്യനീതിയ്ക്കും വേണ്ടിയുള്ള പ്രവർത്തനോപാധിയായി ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള പ്രവർത്തനാനുഭവങ്ങൾ വിലയിരുത്തി നാം നേടിയ നേട്ടങ്ങളെ സുസ്ഥിരമാക്കുവാനും, വർത്തമാനകാലത്തിന്റെ പുത്തൻവെല്ലുവിളികൾ ഏറ്റെടുക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്.

നമ്മുടെ ഭൂപ്രദേശത്തിന്റെ പ്രത്യേകതകളിലും ജനപങ്കാളിത്തത്തിനും ജനകീയ കാഴ്ചപ്പാടിനുമൊപ്പം കാര്യക്ഷമതയ്ക്കും സേവന ഗുണനിലവാരത്തിനും ഊന്നൽ നൽകി സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഗ്രാമത്തിന്റെ സമഗ്ര വികസനമെന്ന ഭരണസമിതിയുടെ പൊതുസമീപനമാണ് 2025-26 ബജറ്റിന്റെ ദർശനം. കെട്ടിട നികുതി, തൊഴിൽ നികുതി, പെർമിറ്റ് ഫീ, ലൈസൻസ് ഫീ തുടങ്ങിയ പരിമിതമായ തനതുവരുമാന സ്രോതസ്സുകളാണ് നമുക്കുള്ളത്. നികുതി-നികുതിയേതര സമാഹരണം ഊർജ്ജിതമാക്കി സംസ്ഥാന വിഹിതത്തിനൊപ്പം കേന്ദ്രവിഹിതവും ബ്ലോക്ക്-ജില്ലാ വിഹിതവും, ഗുണഭോക്തൃവിഹിതവും തുടങ്ങി സമാഹരിക്കുവാൻ കഴിയുന്ന പരമാവധി വിഹിതങ്ങൾ സംയോജിപ്പിച്ച് വിഭവലഭ്യതാ പരിമിതി മറികടക്കാൻ ബജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ പരിപാലനത്തിന്റെ നെടുംതൂണാണ് ബജറ്റ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 175-ാം വകുപ്പ് പ്രകാരം വാർഷിക പദ്ധതിയും ബജറ്റിന്റെ ഭാഗമാക്കേണ്ടതുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുവാൻ

കഴിയുന്ന വിഭവങ്ങൾ കണ്ടെത്തി അവ നിത്യ-നിദാന ചെലവുകൾക്കും വികസന പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കുമായി മാനദണ്ഡങ്ങൾക്കനുസൃതമായി വകയിരുത്തുന്നതിനാണ് ഈ ബജറ്റിൽ ശ്രദ്ധയൂന്നിയിട്ടുള്ളത്. വിശദമായ ചർച്ചയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരിന്റെ പന്ത്രിന പരിപാടികൾക്കൊപ്പം നമ്മുടെ ഗ്രാമത്തിന്റെ അടിസ്ഥാന വികസന-ക്ഷേമ ആവശ്യങ്ങൾക്ക് ഊന്നൽ നൽകി 2025-26 ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകിയ ഏവരേയും സ്മരിച്ചുകൊണ്ട് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2025-26 വാർഷിക ബജറ്റ് ഭരണ സമിതി മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നു.

1. പൊതുഭരണം, ധനകാര്യം-ജനസേവനം മെച്ചപ്പെടുത്തൽ

ജനാധിപത്യ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനത്തിന്റെയും ജനസേവനത്തിന്റെയും ജനകീയകേന്ദ്രങ്ങളായി മാറി. കൂട്ടായ പരിശ്രമത്തിന്റെയും പങ്കാളിത്തപരമായ പ്രശ്ന പരിഹാരത്തിന്റെയും ഫലമായി മെച്ചപ്പെട്ട സേവനം ഫ്രണ്ട് ഓഫീസ് മുഖേന നൽകുന്നതിന് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പാക്കി ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുകയും ക്രിയാത്മകതയും, അക്കൗണ്ടബിലിറ്റിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിച്ച് സേവന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

2. കൃഷി അനുബന്ധ മേഖല

ഹരിതാഭവും, പ്രകൃതി രമണീയവുമായ ഒരു കാർഷിക ഗ്രാമമാണ് കൃഷ്ണപുരം. ഭൂരിപക്ഷം ജനങ്ങളും കർഷകത്തൊഴിലാളികളും കർഷകരുമാണ്. നമ്മുടെ ഗ്രാമത്തിന്റെ സമൃദ്ധി കാർഷിക മേഖലയിലെ ഉണർവിനെ ആശ്രയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരമാവധി സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിച്ച് തരിശ് രഹിത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബജറ്റിൽ പ്രത്യേക പരിഗണന നൽകുന്നു. ചെറുകിട കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി ഉത്പാദന

വർദ്ധനവ് ലക്ഷ്യമിട്ടുള്ള എള്ള് കൃഷി, വാഴ കൃഷി, ഇടവിള കൃഷി, പച്ചക്കറി കൃഷി വികസനത്തിനും തുക വകയിരുത്തുന്നു.

3. മൃഗസംരക്ഷണം ക്ഷീര വികസനം

മൃഗപരിപാലനത്തിനും കന്നുകാലി വളർത്തലിനും വർദ്ധിച്ചുവരുന്ന ചിലവ് ഈ മേഖലയിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. അത് പരിഹരിക്കുന്നതിനായി മൃഗപരിപാലനം ഉപജീവനമായി സ്വീകരിച്ചിരിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ആവശ്യമായ തുക വകയിരുത്തുന്നു. കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി, മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ, മുട്ടക്കോഴി വളർത്തൽ, പാലിന് സബ്സ്ഡി, പോത്തുകുട്ടി വിതരണം എന്നിവയ്ക്ക് ഗണ്യമായ തുക വകയിരുത്തുന്നു. അതിലൂടെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദന വർദ്ധനവിന് ലക്ഷ്യമിടുന്നു. പേവിഷനിർമ്മാർജ്ജനത്തിനായി വളർത്തുനായ്ക്കൾക്കും തെരുവുനായ്ക്കൾക്കും വാക്സിനേഷൻ നടത്തുന്നതിന് തുക മാറ്റി വച്ചിട്ടുണ്ട്.

4. അതിദാരിദ്ര്യ നിർമ്മാർജ്ജനം

സംസ്ഥാന സർക്കാരിന്റെ മുൻനിര പദ്ധതികളിലൊന്നായ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഗ്രാമപഞ്ചായത്ത് മതിയായ തുക വകയിരുത്തുന്നു. അതിദരിദ്രരുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, മരുന്ന് എന്നിവയ്ക്ക് മുൻഗണന നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തോടെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിനെ അതിദാരിദ്ര്യ രഹിത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

5. വിദ്യാഭ്യാസം-യുവജന ക്ഷേമം

പഞ്ചായത്തിലെ എൽ പി സ്ക്കൂളുകളുടെ പുനരുദ്ധാരണത്തിനായി തുക വകരുത്തുന്നു.

6. ആരോഗ്യം

പൊതുജനാരോഗ്യ രംഗത്ത് ഒട്ടേറേ പ്രവർത്തനങ്ങൾ കഴിഞ്ഞ പദ്ധതി കാലയളവിൽ ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്ക് മികച്ച സേവനം പ്രദാനം ചെയ്യാൻ ഉതകുന്ന വിധത്തിൽ പ്രാഥമിക ചികിത്സാ കേന്ദ്രത്തിന്റെയും കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെയും ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളുടെയും അടിസ്ഥാന-ഭൗതിക സാഹചര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ പൂർണ്ണത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളുടെ പുനരുദ്ധാരണത്തിനും മരുന്നുവാങ്ങലിനും ഗണ്യമായ തുക ബജറ്റിൽ നീക്കി വയ്ക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കൃഷ്ണപുരം കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. കൂടാതെ രോഗ നിർണ്ണയ സംവിധാനവും ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങളും മറ്റ് ആരോഗ്യ ബോധവത്ക്കരണ പരിപാടികളും കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനും ഹെൽത്ത് ഗ്രാന്റ് ചെലവിടുന്നു.

7. സാമൂഹ്യ നീതി

സമൂഹത്തിന്റെ അടിസ്ഥാന സർക്കാർ സ്ഥാപനമാണ് അംഗൻവാടികൾ. സാമൂഹിക പരിഗണന ഏറ്റവും അർഹിക്കുന്ന വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവർക്കായി അർഹമായ പരിഗണന നൽകുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നു. അംഗനവാടികളുടെ പുനരുദ്ധാരണം, അംഗനവാടി കുട്ടികളുടെ കലാമേള, അംഗനവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ, വയോജനങ്ങൾക്ക് ശ്രവണ സഹായി, മരുന്ന്, കട്ടിൽ, ബഡ്സ് സ്ക്കൂൾ പ്രവർത്തനം, ഭിന്നശേഷി കലാമേള തുടങ്ങിയവയ്ക്ക് പരമാവധി തുക വകയിരുത്തുന്നു. 2025-26 സാമ്പത്തിക വർഷം ഈ പഞ്ചായത്തിനെ വയോജന സൌഹൃദ പഞ്ചായത്താക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ബജറ്റിൽ ഊന്നൽ നൽകുന്നു.

8. വനിതാ-ശിശുക്ഷേമം

വനിതാ വികസനത്തിന്റെ ചാലക ശക്തിയാണ് കുടുംബശ്രീ. കുടുംബശ്രീ യൂണിറ്റുകളെ ശാക്തീകരിക്കുന്നതിനും അതിലൂടെ വനിതകളുടെ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിനും ബജറ്റ് വിഭാവനം ചെയ്യുന്നു. അംഗൻവാടികളാണ് വനിതാ-ശിശു ക്ഷേമ പ്രവർത്തനങ്ങളുടെ മറ്റൊരു പ്രധാന കേന്ദ്രം. അനുപൂരകപോഷകാഹാര പരിപാടി, അംഗനവാടി കലാമേള, സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യം മുൻനിർത്തി കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ, ജാഗ്രതാ സമിതി, വനിതാ സംരംഭകത്വ പ്രോത്സാഹനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നു.

9. പട്ടികജാതി-പട്ടിക വർഗ്ഗ വികസനം

തലമുറകളായി പാർശ്വവത്ക്കരിക്കപ്പെട്ട ഒരു ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സാമൂഹ്യ-വിദ്യാഭ്യാസ മേഖലകളിൽ ഉന്നമനവും ലക്ഷ്യമാക്കി പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഗണ്യമായ തുക നീക്കി വെച്ചിട്ടുണ്ട്. പട്ടിക വർഗ്ഗത്തിനുള്ള പ്രത്യേക ഫണ്ട് (ടിഎസ്പി) ലഭ്യമല്ലാഞ്ഞിട്ടും വികസന ഫണ്ട്-പൊതു വിഭാഗത്തിൽ നിന്നും തുക വകയിരുത്തി ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

10. കുടിവെള്ളം

കാലാവസ്ഥാ വ്യതിയാനത്തിന്റെയും മനുഷ്യന്റെ അശാസ്ത്രീയമായയ ഇടപെടലുകളുടെയും ഫലമായി ഭൂഗർഭ ജലവിതാനത്തിലെ അപകടകരമായ താഴ്ച നമ്മുടെ ഗ്രാമത്തെ വേനൽക്കാലത്തെ ഏറ്റവും കൂടുതൽ കുടിവെള്ള പദ്ധതികളുള്ള ഗ്രാമപഞ്ചായത്താണ് കൃഷ്ണപുരം. സമഗ്രവും ശാസ്ത്രീയവുമായ ജലസംരക്ഷണ പ്രകൃതി സംരക്ഷണ പ്രവർത്തനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് ശശ്വത പരിഹാരം നമുക്ക് കാണാൻ കഴിയൂ. ഭൂഗർഭ ജലസംരക്ഷണത്തിനായി പൊതുകുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണത്തിന് ബജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്.

11. ശുചിത്വം, മാലിന്യ സംസ്ക്കരണം

ശുചിത്വ-മാലിന്യ സംസ്ക്കരണ മേഖലയിൽ അഭിനന്ദനാർഹമായ പുരോഗതി കൈവരിക്കുന്നതിനും ഇതിനോടകം പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പുതിയ എംസിഎഫ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരണത്തിനും മറ്റ് അടിസ്ഥാന സൌകര്യങ്ങളുടെ സജ്ജീകരണത്തിനും തുക നീക്കി വെച്ചിട്ടുണ്ട്. ഗാർഹികതല മാലിന്യ സംസ്ക്കരണ ഉപാധികളുടെ വിതരണത്തിനും സ്ഥാപനതല മാലിന്യ നിർമ്മാർജ്ജനത്തിനും ബജറ്റിൽ സവിശേഷ ശ്രദ്ധ നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും ബജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ ഗ്രാമമാക്കിമാറ്റുന്നതിന് മതിയായ തുക നീക്കിവെച്ചിട്ടുണ്ട്.

12. ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

പ്രകൃതിക്ഷോഭങ്ങളും മഹാമാരികളും അനുദിനം ജനജീവിതത്തിന് വെല്ലുവിളി ഉയർത്തുകയാണ്. ഇത്തരം ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ഈ

വാർഷികപദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പഞ്ചായത്ത് പ്രദേശത്തെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. ആയതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനും മേൽത്തട്ടിലേക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും ബജറ്റിൽ നിർദ്ദേശിക്കുന്നു.

13. പൊതുമരാമത്ത്, ഊർജ്ജം

ഗ്രാമപഞ്ചായത്തിന്റെ ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിച്ചും കാര്യക്ഷമത ഉയർത്തിയും ഓഫീസിനെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് പൊതുജന സൌഹാർദ്ദമാക്കിത്തീർക്കുന്നതിന് പഞ്ചായത്താഫീസിൽ അധിക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ജനപ്രതിനിധികൾക്കുള്ള ഇരിപ്പിടങ്ങൾ, പഞ്ചായത്തിൽത്തന്നെ പ്രവർത്തിക്കുന്ന വിവിധ ഓഫീസ് എന്നിവയുടെ ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഘടകസ്ഥാപനങ്ങളുടെ മെയ്ൻനൻസ് നടത്തിയും ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിച്ചും അവയെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും തുക ബജറ്റിൽ വകയിരുത്തുന്നു. പശ്ചാത്തല മേഖലയിൽ റോഡ് സംരക്ഷണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും പരമാവധി തുക വകയിരുത്തുന്നു. തെരുവ് വിളക്ക് പരിപാലനത്തിന് ഗണ്യമായ തുക നീക്കി വെച്ചിട്ടുണ്ട്.

ഇപ്രകാരം സമാഹരിക്കുവാൻ കഴിയുന്ന പരമാവധി വിഹിതങ്ങൾ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി സർവതല സ്പർശിയായ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും ചർച്ചകൾക്കുമായി ബജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ സമക്ഷം സമർപ്പിക്കുന്നു.

(ഒപ്പ്)

തീയതി : 21.02.2025 ശ്രീലത ശശി

സ്ഥലം : കൃഷ്ണപുരം വൈസ് പ്രസിഡന്റ്, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2025-26 – വിഭവ സ്രോതസ്സുകളും ചെലവുകളും

**1. പ്രതീക്ഷിത വിഭവ സ്രോതസ്സുകൾ**

| ക്രമ നം. | ഇനം | പ്രതീക്ഷിക്കുന്ന വരവ് |
|---|---|---|
| 1 | നികുതി വരവുകൾ | 69,00,000 |
| 2 | നികുതിയേതര വരവുകൾ | 54,87,000 |
| 3 | ജനറൽ പർപ്പസ് ഫണ്ട് | 1,86,56,000 |
| **ആകെ തനതു വരുമാനം** | | 3,10,43,000 |
| 1 | വികസന ഫണ്ട്(ജനറൽ) | 2,12,18,000 |
| 2 | വികസന ഫണ്ട്(പട്ടികജാതി) | 75,03,000 |
| 3 | വികസന ഫണ്ട്(പട്ടികവർഗ്ഗം) | 0 |
| 4 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് (Basic) | 30,17,000 |
| 5 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ്(Tied) | 45,25,000 |
| 6 | മെയ്ൻറനൻസ് ഗ്രാൻറ്(റോഡ്) | 2,00,00,000 |
| 7 | മെയ്ൻറനൻസ് ഗ്രാൻറ്(റോഡിതരം) | 54,98,000 |
| 8 | വായ്പകൾ | 3,50,00,000 |
| 9 | ഗുണഭോക്തൃവിഹിതം | 50,00,000 |
| 10 | സംയോജിത പദ്ധതികൾക്കുള്ള വരവുകൾ | 75,00,000 |
| 11 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ/ സ്കീമുകൾ | 1,00,00,000 |
| 12 | കേന്ദ്രാവിഷ്കൃത പദ്ധതികൾ/സ്കീമുകൾ | 7,00,00,000 |
| 13 | മറ്റുള്ളവ | 7,63,11,750 |
| | | |
| **ആകെ** | | 29,66,15,750 |

**2. ഘടക സ്ഥാപനങ്ങളുടെ ആകെ പ്രതീക്ഷിത ചെലവുകൾ**

| ക്രമ നം. | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | അസിസ്റ്റൻറ് എഞ്ചിനീയര്, എൽ.എസ്.ജി.ഡി | 50,000 |
| 2 | കൃഷി ഓഫീസ് | 50,000 |
| 3 | വെറ്ററിനറി ഹോസ്പിറ്റൽ | 50,000 |
| 4 | പ്രാഥമിക ചികിത്സാ കേന്ദ്രം | 50,000 |
| 5 | ആയുർവേദ ആശുപത്രി | 50,000 |
| 6 | ഹോമിയോ ഡിസ്പൻസറി | 30,000 |
| 7 | ഐ.സി.ഡി.എസ്(അംഗനവാടികൾ) | 50,000 |
| 8 | വില്ലേജ് എക്സ്റ്റൻഷന് ഓഫീസ് | 30,000 |
| 9 | ഗവ. എൽപിഎസ് | 30,000 |
| **ആകെ** | | 3,90,000 |

**3. പഞ്ചായത്തിൻറെ വിവിധ ചെലവുകൾക്കായി വകയിരുത്തുന്ന തുക**

| ക്രമ നം. | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെൻറ്, അനിവാര്യ ചുമതലകൾക്ക് | 1,79,67,000 |
| 2 | ഭരണ ചെലവുകൾ | 27,67,000 |
| 3 | നടത്തിപ്പ്/മെയ്ൻറനൻസ് ചെലവ് | 42,80,000 |
| 4 | പദ്ധതി ചെലവുകൾ | 18,93,89,690 |
| 3 | പദ്ധതിയേതര ചെലവുകൾ | 7,50,00,000 |
| 3 | മൂലധന ചെലവുകൾ | 78,00,000 |
| **ആകെ** | | 29,72,03,690 |

# ബജറ്റ് സംക്ഷിപ്തം

| KRISHNAPURAM Grama Panchayath Budget for the Financial Year 2025-2026 | | | | |
|---|---|---|---|---|
| **BUDGET STATEMENT** | | | | |
| PARTICULARS | | Actuals for the year 2023-2024 (യഥാർത്ഥ കണക്ക് 2023-2024) | Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ് 2024-2025) | Budget for the Year2025-2026 (ബജറ്റ്-2025-2026) |
| A | Opening balance (net)(ws-1) | 62,97,045 | 68,41,931 | 70,47,717 |
| B | a) Tax revenue-നികുതി വരുമാനം(BS-1) | 56,66,816 | 65,00,000 | 69,00,000 |
| C | b) Non tax revenue-നികുതിയിതര വരുമാനം(BS-2) | 45,79,396 | 54,01,000 | 54,87,000 |
| D | Total Own Fund-ആകെ തനത് ഫണ്ട്(B+C) | 1,02,46,212 | 1,19,01,000 | 1,23,87,000 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട്(BS-3) | 1,22,74,200 | 1,85,89,600 | 1,86,56,000 |
| F | Total -ആകെ (D+E) | 2,25,20,412 | 3,04,90,600 | 3,10,43,000 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാൻറുകൾ-പദ്ധതി ചെലവുകൾക്ക് (BS-4) | 11,03,30,012 | 19,20,21,107 | 18,35,72,750 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാൻറുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5) | 4,56,72,880 | 7,25,00,000 | 7,50,00,000 |
| I | Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H) | 17,85,23,304 | 29,50,11,707 | 28,96,15,750 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6) | 0 | 0 | 0 |
| K | Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7) | 43,06,560 | 1,09,65,093 | 70,00,000 |
| L | Total Capital Income-ആകെ മൂലധന വരവുകൾ (J+K) | 43,06,560 | 1,09,65,093 | 70,00,000 |
| M | Total Income -ആകെ വരവുകൾ (I+L) | 18,28,29,864 | 30,59,76,800 | 29,66,15,750 |
| N | Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A) | 18,91,26,909 | 31,28,18,731 | 30,36,63,467 |
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8) | 1,83,37,562 | 2,23,71,000 | 2,50,14,000 |
| P | Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9) | 11,29,49,744 | 19,98,99,587 | 18,93,89,690 |
| Q | Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10) | 4,56,72,880 | 7,25,00,000 | 7,50,00,000 |
| R | Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q) | 17,69,60,186 | 29,47,70,587 | 28,94,03,690 |
| S | Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11) | 0 | 0 | 0 |
| T | Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12) | 53,24,792 | 1,10,00,427 | 78,00,000 |
| U | Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T) | 53,24,792 | 1,10,00,427 | 78,00,000 |
| V | Total Expenditure -ആകെ ചെലവുകൾ (R+U) | 18,22,84,978 | 30,57,71,014 | 29,72,03,690 |
| W | Closing Balance-നീക്കി ബാക്കി (N-V) | 68,41,931 | 70,47,717 | 64,59,777 |

# ബജറ്റ് സ്റ്റേറ്റ്മെൻറും ഷെഡ്യൂളുകളും

| KRISHNAPURAM Grama Panchayath Budget for the Financial Year 2025-2026 | | | | |
|---|---|---|---|---|
| **BUDGET STATEMENTS** | | | | |
| PARTICULARS | | Actuals for the year 2023-2024(യഥാർത്ഥ കണക്ക് 2023-2024) | Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ് 2024-2025) | Budget for the Year2025-2026 (ബജറ്റ്-2025-2026) |
| BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ ) | | | | |
| 1101001 | Property Tax-വസ്തു നികുതി | 44,49,911 | 52,00,000 | 55,00,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 12,16,905 | 13,00,000 | 14,00,000 |
| 110 | Total-Tax Revenue-ആകെ നികുതി വരവ് | 56,66,816 | 65,00,000 | 69,00,000 |
| BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ ) | | | | |
| 130 - Rental Income from Panchayat Properties | | | | |
| 130 | Total Rental Income from Panchayat Properties | 0 | 0 | 0 |
| 140 - Fees & User Charges | | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്ഫീസ്/ | 1,762 | 27,000 | 27,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 2,45,850 | 5,50,000 | 5,50,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 27,97,719 | 30,00,000 | 27,00,000 |
| 1401301 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്എക്സ്ട്രാക്റ്റ്/ ഫീ | 9,289 | 58,000 | 60,000 |
| 1402001 | Penalties and Fines-ഫൈൻ | 2,65,462 | 2,00,000 | 3,00,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 2,17,830 | 2,00,000 | 2,25,000 |

| | | | | |
|---|---|---|---|---|
| 1405001 | User Charges Collected-യൂസർ ചാർജ് | 500 | 15,000 | 25,000 |
| 1407001 | Service/ Administrative Charges-സർവീസ്അട്മിനിസ്ട്രേടിവ്/ ചാർജുകള് | 0 | 1,000 | 0 |
| 140 | Total Fees & User Charges | 35,38,412 | 40,51,000 | 38,87,000 |
| 150 - Sale & Hire Charges | | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 1,380 | 3,00,000 | 3,25,000 |
| 1501101 | Sale of Forms-ഫാറം വില | 3,40,794 | 3,50,000 | 3,75,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 57,501 | 2,50,000 | 2,50,000 |
| 150 | Total-Sale & Hire Charges | 3,99,675 | 9,00,000 | 9,50,000 |
| 151 - Receipts from Transferred Institutions | | | | |
| 151 | Total Receipts from Transferred Institutions | 0 | 0 | 0 |
| 170 - Income from Investments | | | | |
| 170 | Total Income from Investments | 0 | 0 | 0 |
| 171 - Interest Earned | | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 2,37,809 | 4,00,000 | 4,00,000 |
| 171 | Total Interest Earned | 2,37,809 | 4,00,000 | 4,00,000 |
| 180 - Other Income | | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 0 | 0 | 2,00,000 |
| 1802001 | Insurance Claim Recovery-ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചത് | 3,98,000 | 0 | 0 |
| 1804001 | Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ | 5,500 | 0 | 0 |
| 1808001 | Miscellaneous Income | 0 | 50,000 | 50,000 |
| 180 | Total Other Income | 4,03,500 | 50,000 | 2,50,000 |

| | | | | |
|---|---|---|---|---|
| Total-Non tax revenue-ആകെ നികുതിയിതര വരവുകൾ | | 45,79,396 | 54,01,000 | 54,87,000 |
| BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട് ) | | | | |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 1,22,74,200 | 1,85,89,600 | 1,86,56,000 |
| 160 | Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 1,22,74,200 | 1,85,89,600 | 1,86,56,000 |
| BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാൻറ്റവന്യൂ - വിഹിതം/ഫണ്ട്/ ( വരവുകൾ | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 4,34,17,636 | 7,33,99,573 | 6,37,11,750 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരില് നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളുംപ്രത്യേക-- പദ്ധതികൾക്കുള്ളത് | 0 | 50,00,000 | 0 |
| 3202001 | Development Fund - General - Revenue- വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകള് | 1,73,19,535 | 1,86,16,000 | 1,92,18,000 |
| 3202001 | Development Fund - SCSP -Revenue - വികസന ഫണ്ട് പട്ടികജാതി - ഘടകപദ്ധതി - യുള്ള വരവുകള്റവന്യൂ ചെലവുകൾക്കാ | 69,43,857 | 70,13,000 | 75,03,000 |
| 3202001 | Development Fund - CFC - Revenue - വികസന ഫണ്ട് കേന്ദ്രധനകാര്യ കമ്മീഷൻ - റവന്യൂ -ഗ്രാൻറ് ചെലവുകൾക്കായുള്ള വരവുകള് | 41,50,092 | 59,29,334 | 65,42,000 |
| 3202001 | Maintenance Fund - Road Assets - Revenue- സംരക്ഷണച്ചെലവ് റോഡ് - ആസ്തികൾയുള്ള റവന്യൂ ചെലവുകൾക്കാ -- വരവുകൾ | 4,36,376 | 2,29,59,000 | 2,00,00,000 |
| 3202001 | Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾയുള്ള റവന്യൂ ചെലവുകൾക്കാ -- വരവുകൾ | 26,58,745 | 43,36,000 | 44,98,000 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാര് ഏജൻസികളില് നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 96,22,800 | 36,50,000 | 50,00,000 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1,34,00,000 | 2,49,00,000 | 3,50,00,000 |
| 3205001 | Grants, Funds & Contributions for Specific Purposes - Welfare Bodies- ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 5,090 | 0 | 0 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് - ( ന്ന്മറ്റ തദ്ദേശസ്ഥാപനങ്ങളിൽനി | 1,06,01,026 | 2,18,82,200 | 1,65,00,000 |
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതംറവന്യൂ) ചെലവുകൾക്ക്( | 12,54,241 | 38,36,000 | 50,00,000 |

| | | | | |
|---|---|---|---|---|
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 5,20,614 | 5,00,000 | 6,00,000 |
| 311 | Revenue Grants, Funds, Contributions & Compensations- | 11,03,30,012 | 19,20,21,107 | 18,35,72,750 |
| BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാൻറ്( വരവുകൾ- വിഹിതം/ഫണ്ട്/ | | | | |
| 1601003 | State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകള് | 4,56,72,880 | 7,25,00,000 | 7,50,00,000 |
| 160 | Total-Revenue Grants, Funds, Contributions & Compensations | 4,56,72,880 | 7,25,00,000 | 7,50,00,000 |
| BS-6-CAPITAL INCOME- LOANS -(വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ് ( | | | | |
| 330 | Total-loans-ആകെ വായ്പകൾ | 0 | 0 | 0 |
| BS-7- CAPITAL INCOME- OTHER THAN LOANS -( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റു വരവുകള് ( | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 13,44,929 | 45,00,427 | 30,00,000 |
| 3202001 | Development Fund - General - Capital - വികസന ഫണ്ട് - പൊതുവിഭാഗം - മൂലധനച്ചെലവുകൾക്കായുള്ള വരവുകള് | 0 | 25,00,000 | 20,00,000 |
| 3202001 | Development Fund - CFC - Capital - വികസന ഫണ്ട് കേന്ദ്രധനകാര്യ കമ്മീഷൻ - ഗ്രാൻറ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 15,25,091 | 29,64,666 | 10,00,000 |
| 3202001 | Maintenance Fund - Road Assets - സംരക്ഷണച്ചെലവ് റോഡ് ആസ്തികൾ - - മൂലധനച്ചെലവുകൾക്കായുള്ള വരവുകള് | 9,16,592 | 0 | 0 |
| 3202001 | Maintenance Fund - Non Road Assets - സംരക്ഷണച്ചെലവ് റോഡ് ഇതര - ആസ്തികൾ യുള്ള വരവുകള്മൂലധനച്ചെലവുകൾക്കാ - | 5,19,948 | 10,00,000 | 10,00,000 |
| 311 | Total-Revenue Grants, Funds, Contributions & Compensations | 43,06,560 | 1,09,65,093 | 70,00,000 |
| BS-8-Revenue Expenditure-Mandatory functions- (അനിവാര്യ ചുമതലകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ( | | | | |
| 210 - Establishment Expenses- | | | | |
| 2101001 | Salaries-ശമ്പളം | 83,47,078 | 1,00,00,000 | 1,10,00,000 |
| 2101002 | Wages-കൂലി | 2,46,865 | 3,00,000 | 3,00,000 |
| 2101003 | Bonus-ബോണസ് | 30,750 | 40,000 | 42,000 |

| | | | | |
|---|---|---|---|---|
| 2102001 | Travelling Allowances-യാത്രാ ബത്ത | 1,13,984 | 2,00,000 | 2,00,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 2,68,551 | 3,50,000 | 3,50,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 17,90,895 | 21,00,000 | 21,00,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 1,53,150 | 2,00,000 | 2,25,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 23,529 | 75,000 | 50,000 |
| 2103001 | Pension Contributions-പെൻഷന് കോൺട്രിബ്യൂഷന് | 9,01,787 | 12,00,000 | 12,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 4,43,851 | 5,00,000 | 5,00,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 10,22,069 | 10,00,000 | 20,00,000 |
| 210 | Total-Establishment Expenses-ജീവനക്കാര്യത്തി ലേക്കുള്ളചെലവുകൾ ആകെ- | 1,33,42,509 | 1,59,65,000 | 1,79,67,000 |
| 220 - Administrative Expenses-ഭരണ ചെലവുകൾ | | | | |
| 2201001 | Rent-വാടക | 12,000 | 50,000 | 50,000 |
| 2201003 | Taxes-നികുതി | 2,000 | 6,000 | 5,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകള് | 1,92,899 | 3,50,000 | 3,00,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 2,04,459 | 2,50,000 | 2,75,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 23,325 | 40,000 | 42,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 3,74,486 | 4,00,000 | 4,25,000 |
| 2204001 | Insurance and Registration-ഇന്ഷുറൻസ്രജിസ്ട്രേഷൻ/ | 11,005 | 50,000 | 25,000 |
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകള് | 0 | 1,00,000 | 1,00,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകള് | 23,430 | 1,00,000 | 1,00,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 69,952 | 2,00,000 | 2,25,000 |

| | | | | |
|---|---|---|---|---|
| 2206101 | Membership & Subscriptions-മെമ്പർഷിപ്വരിസംഖ്യ/ | 8,000 | 10,000 | 10,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 27,712 | 30,000 | 2,00,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 0 | 1,00,000 | 1,00,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 4,97,994 | 8,50,000 | 9,00,000 |
| 220 | Total-Administrative Expenses-ഭരണ ചെലവുകൾആകെ- | 14,47,262 | 25,36,000 | 27,57,000 |
| 230 - Operations & Maintenance-സംരക്ഷണവും നടത്തിപ്പും | | | | |
| 2301001 | Power-വൈദ്യുതിഊർജം/ | 10,80,862 | 15,00,000 | 15,00,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കൻറ് | 1,83,098 | 3,00,000 | 3,50,000 |
| 2301101 | Water Charges for Drinking Water Schemes-വാട്ടർ ചാർജ് | 19,79,996 | 15,00,000 | 20,00,000 |
| 2304001 | Hire Charges-വാടക | 15,310 | 50,000 | 50,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളുംപൊതു കെട്ടിടങ്ങൾ- | 12,000 | 0 | 0 |
| 2305002 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളുംറോഡുകൾ- | 0 | 10,000 | 30,000 |
| 2305007 | Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി | 78,842 | 50,000 | 50,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളുംജംഗമ - ആസ്തികൾ | 61,284 | 2,00,000 | 50,000 |
| 2305099 | Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | 64,682 | 50,000 | 50,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ് മെയിന്റനൻസ്/ ചെലവുകൾ | 71,068 | 2,00,000 | 2,00,000 |
| 230 | Total-Operations & Maintenance-നടത്തിപ്പ്ആകെ-സംരക്ഷണ ചെലവുകൾ/ | 35,47,142 | 38,60,000 | 42,80,000 |
| 240 - Interest & Finance Charges-പലിശയും അനുബന്ധ ചെലവുകളും | | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നല്കൽ | 649 | 10,000 | 10,000 |
| 240 | Total-Interest & Finance Charges-പലിശയും അനുബന്ധ ചെലവുകളുംആകെ- | 649 | 10,000 | 10,000 |

| | | | | |
|---|---|---|---|---|
| TOTAL STATUTORY EXPENDITURE-അനിവാര്യ ചെലവുകൾ ആകെ | | 1,83,37,562 | 2,23,71,000 | 2,50,14,000 |
| BS-9-Revenue Expenditure-PLAN - (പ്ലാൻ റവന്യൂ ചെലവുകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ( | | | | |
| 250 - Decentralised Plan Programme - Productive Sector | | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി | 35,000 | 78,400 | 60,000 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ | 5,60,000 | 14,46,080 | 6,00,000 |
| 2501003 | Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ | 0 | 50,000 | 50,000 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും തെങ്ങ്-കൃഷി | 2,10,000 | 0 | 0 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളുംപച്ചക്കറി- | 0 | 3,40,000 | 10,00,000 |
| 2501014 | Agriculture and Related Sectors - Horticulture-കൃഷിയും അനുബന്ധ മേഖലകളും- | 0 | 1,11,724 | 0 |
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളുംകുരുമുളക്- | 0 | 1,33,200 | 0 |
| 2501031 | Animal Husbandry -Cow-മൃഗ സംരക്ഷണം-ല്പശു വളർത്ത | 7,13,680 | 13,60,000 | 0 |
| 2501034 | Animal Husbandry -Calf-മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | 14,000 | 0 | 8,16,000 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണംതാറാവ്/മുട്ട കോഴി- വളർത്തല് | 4,46,550 | 0 | 3,06,000 |
| 2501039 | Animal Husbandry -Infrastructure-മൃഗസംരക്ഷണംപശ്ചാത്തല- സൌകര്യങ്ങൾ | 0 | 3,00,000 | 50,000 |
| 2501040 | Animal Husbandry -Disease Control-മൃഗ സംരക്ഷണംരോഗ നിയന്ത്രണം- | 1,90,000 | 4,00,000 | 4,50,000 |
| 2501041 | Animal Husbandry -Related Facility-മൃഗ സംരക്ഷണംഅനുബന്ധ- സൌകര്യങ്ങൾ | 3,66,097 | 1,60,000 | 4,45,000 |
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനംസംഭരണവും -വിപണനവും | 19,02,729 | 17,00,000 | 17,50,000 |
| 2501049 | FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി | 8,000 | 0 | 0 |
| 2501057 | Ornamental Fish Farming-അലങ്കാര മത്സ്യ കൃഷി | 0 | 1,50,000 | 0 |
| 2502003 | Flood control-വെള്ളപ്പൊക്ക നിവാരണം | 0 | 2,00,000 | 2,00,000 |

| | | | | |
|---|---|---|---|---|
| 2502006 | Water Conservation-ജല സംരക്ഷണം | 0 | 40,00,000 | 40,00,000 |
| 2503001 | Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 4,81,000 | 3,00,000 | 3,00,000 |
| 2503016 | Market Promotion-വിപണന പ്രോത്സാഹന പരിപാടികൾ | 0 | 3,00,000 | 0 |
| 2504001 | Environment Conservation -പ്രകൃതി സംരക്ഷണം | 0 | 1,00,000 | 1,00,000 |
| 2504002 | Interventions in Environmental Sector-പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ | 0 | 3,02,380 | 3,00,000 |
| 250 | Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ | 49,27,056 | 1,14,31,784 | 1,04,27,000 |
| 251 - Decentralised Plan Programme - Service Sector-സേവന മേഖല | | | | |
| 2510115 | Literacy Equivalance Examination-സാക്ഷരത തുല്യതാ പരീക്ഷ- | 0 | 50,000 | 50,000 |
| 2511002 | Primary Education-പ്രൈമറി വിദ്യാഭ്യാസം | 0 | 4,50,000 | 5,50,000 |
| 2511007 | Sports-സ്പോർട്സ് | 0 | 0 | 50,000 |
| 2511008 | Youth Welfare-യുവജനക്ഷേമം | 0 | 3,00,000 | 50,000 |
| 2511014 | Financial Assistance for SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം | 8,00,000 | 9,02,400 | 5,00,000 |
| 2511016 | Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ | 0 | 0 | 20,000 |
| 2511017 | Grama sabha/Ward sabha Center-ഗ്രാമ സഭസഭ കേന്ദ്രങ്ങൾ വാർഡ്/ | 0 | 0 | 50,000 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകൾഡിസ്പെൻസറികൾ/ആസ്പത്രികൾ/ | 1,15,219 | 2,00,000 | 3,00,000 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 1,09,983 | 0 | 1,00,000 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 18,09,894 | 14,00,000 | 15,00,000 |
| 2512004 | Medicines-മരുന്നുകൾ | 18,04,833 | 10,00,000 | 10,00,000 |
| 2512008 | Drinking Water-കുടിവെള്ളം | 0 | 30,00,000 | 0 |
| 2512009 | Sanitation-ശുചിത്വം | 30,00,000 | 75,00,000 | 75,00,000 |

| | | | | |
|---|---|---|---|---|
| 2512014 | Ayurveda Dispensary-ആയുർവേദ ഡിസ്പെൻസറി | 8,00,000 | 8,50,000 | 13,80,000 |
| 2512018 | Homeo Dispensary-ഹോമിയോ ഡിസ്പെൻസറി | 2,20,000 | 4,50,000 | 4,50,000 |
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | 0 | 15,00,000 | 15,00,000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വംമാലിന്യ- പരിപാലനം | 13,14,685 | 24,40,000 | 25,00,000 |
| 2513001 | Housing-ഭവന നിർമാണം | 3,10,07,677 | 4,93,53,000 | 4,67,44,400 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 7,77,892 | 8,50,000 | 7,40,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരികമാനസിക-വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികള് | 25,76,406 | 36,00,000 | 16,00,000 |
| 2513007 | Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ | 4,50,000 | 3,50,000 | 6,15,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 4,13,10,016 | 7,12,34,907 | 6,67,11,750 |
| 2513009 | Women's Welfare Programs-വനിതാ ക്ഷേമ പരിപാടി | 5,00,000 | 19,00,000 | 24,47,740 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 0 | 13,65,000 | 75,03,000 |
| 2513011 | Special Programs for Scheduled Tribes - പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 0 | 40,000 | 1,75,000 |
| 2513015 | Housing & House Electrification - Loan Repayment- ഭവനംഭവന/ വൈദ്യുതീകരണം - തിരിച്ചടവ് ലോൺ | 34,00,000 | 25,00,000 | 25,00,000 |
| 2514002 | Special Child Welfare Program-പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 1,71,999 | 1,00,000 | 1,00,000 |
| 2514101 | Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി | 27,02,121 | 26,00,000 | 28,00,000 |
| 2514201 | Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 0 | 3,50,000 | 5,50,000 |
| 2514202 | Anganwadi Related Services-അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ | 0 | 0 | 80,000 |
| 2516004 | General Economic Services- Surveys and Studies-സർവേകളും പഠനങ്ങളും | 11,99,933 | 7,55,896 | 5,00,000 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 1,42,630 | 2,00,000 | 2,20,000 |
| 2516006 | General Economic Services- Good Governance -സൽ ഭരണം | 6,28,561 | 7,00,000 | 5,24,300 |

| | | | | |
|---|---|---|---|---|
| 2516007 | General Economic Services-Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം | 2,13,552 | 7,48,100 | 3,25,000 |
| 2516501 | Local Government Service Delivery Improvement-( | 0 | 93,000 | 0 |
| 251 | Total-Decentralised Plan Programme - Service Sector | 9,50,55,401 | 15,67,82,303 | 15,16,36,19 0 |
| 252 - Decentralised Plan Programme - Infrastructure Sector | | | | |
| 2521001 | Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 7,62,836 | 10,00,000 | 10,00,000 |
| 2521002 | Energy - Other Electrification Programs-മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങള് | 0 | 10,00,000 | 10,00,000 |
| 2522001 | Roads-റോഡുകൾ | 50,00,000 | 2,00,00,000 | 1,50,00,000 |
| 2522002 | Lanes -ലയിനുകൾ | 50,00,000 | 29,59,000 | 50,00,000 |
| 2523001 | Public Buildings- പൊതു കെട്ടിടങ്ങള് | 0 | 24,00,000 | 10,00,000 |
| 252 | Total-Decentralised Plan Programme - Infrastructure Sector | 1,07,62,836 | 2,73,59,000 | 2,30,00,000 |
| 253 - Projects not included in Sector Division | | | | |
| 2531004 | Supplementary Nutritional Programs through Anganawadies-അംഗനവാടി അനുപൂരക പോഷക ആഹാര പരിപാടി | 0 | 26,00,000 | 26,00,000 |
| 2531011 | Contribution towards SSA - എസ് .എ.എസ്. പദ്ധതിക്കുള്ള വിഹിതം | 3,00,000 | 3,00,000 | 4,00,000 |
| 2531012 | Payments to IKM-ഐഎംഎനുള്ള പണം .കെ. ല്നൽക | 6,84,834 | 1,26,500 | 1,26,500 |
| 253 | Total-Projects not included in Sector Division | 9,84,834 | 30,26,500 | 31,26,500 |
| 255 - Maintenance Projects | | | | |
| 255 | Total-Maintenance Projects-മെയിൻറനൻസ് പ്രോജക്ട്ടുകള്ആകെ- | 0 | 0 | 0 |
| 256 - Other Revenue Grants and funds- Revenue Expenses-മറ്റ് റവന്യൂ ഗ്രാൻറുകളും ഫണ്ടുകളും | | | | |
| 2561001 | Other Revenue Grants and funds- Revenue Expenses-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും | 10,32,617 | 11,00,000 | 10,00,000 |
| 256 | Other Revenue Grants and funds- Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാൻറുകളും ഫണ്ടുകളും ആകെ- | 10,32,617 | 11,00,000 | 10,00,000 |

| | | | | |
|---|---|---|---|---|
| 260 – Grants, Contributions and Compensations from Own Fund | | | | |
| 2601001 | Grants, Contributions and Compensations from Own Fund- Grants | 1,87,000 | 2,00,000 | 2,00,000 |
| 260 | Grants, Contributions and Compensations from Own Fund-total | 1,87,000 | 2,00,000 | 2,00,000 |
| Total-Revenue Expenditure-PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ | | 11,29,49,744 | 19,98,99,587 | 18,93,89,690 |
| BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES -(നോൺറവന്യൂ പ്ലാൻ- ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകള്( | | | | |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)- സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാന് ചെലവുകള് | 4,56,72,880 | 7,25,00,000 | 7,50,00,000 |
| 254 | Total-Expenditures of Transferred Institutions (not included under Decentralised Plan Programme) | 4,56,72,880 | 7,25,00,000 | 7,50,00,000 |
| BS-11CAPITAL EXPENDITURE - LOAN REPAYMENTS - (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ( | | | | |
| 330 | Total-Loan Repayments-ആകെ വായ്പ തിരിച്ചടവ് | 0 | 0 | 0 |
| BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS - ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ( | | | | |
| 4102001 | Buildings(പൊതു കെട്ടിടങ്ങൾ( | 0 | 10,00,000 | 15,00,000 |
| 4103001 | Roads( റോഡുകൾ( | 11,15,548 | 57,00,427 | 18,00,000 |
| 4104001 | Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.)(കുടിവെള്ള സ്രോതസ്സുകളും,അനുബന്ധ നിർമിതികളും | 30,19,797 | 5,00,000 | 5,00,000 |
| 4107001 | Waste Treatment(മാലിന്യ സംസ്കരണം( | 4,31,213 | 20,00,000 | 25,00,000 |
| 4107101 | Movable Assets(ജംഗമ സ്വത്തുകൾ( | 90,766 | 3,00,000 | 5,00,000 |
| 4108001 | Other Fixed Assets( മറ്റ് സ്ഥിര ആസ്തികൾ( | 6,67,468 | 15,00,000 | 10,00,000 |
| 410 | TOTAL CAPITAL EXPENDITURE-ആകെ മൂലധന ചെലവുകൾ | 53,24,792 | 1,10,00,427 | 78,00,000 |

BS-13- RECEIPT AND REFUND OF DEPOSIT- (ഡെപോസിറ്റ് വരവും,മടക്കിനൽകലും )

| | | | |
|---|---|---|---|
| 3401001 | Earnest Money Deposit-നിരതദ്രവ്യം | 1,00,000 | 1,00,000 |
| 3401002 | Security Deposit-സെക്യൂരിറ്റി നിക്ഷേപം | 4,00,000 | 4,00,000 |

| | | | |
|---|---|---|---|
| 3401003 | Retention-റിടെൻഷൻ | 50,000 | 50,000 |
| 3401099 | Other Deposits-മറ്റ് നിക്ഷേപങ്ങൾ | 25,000 | 25,000 |
| 3502001 | Recoveries Payable -റിക്കവറികൾ അടവാക്കാനുള്ളത് | 10,00,000 | 10,00,000 |
| 340 | TOTAL RECEIPT AND REFUND OF DEPOSIT- -ആകെ ഡെപോസിറ്റ് വരവും,മടക്കിനൽകലും | 15,75,000 | 15,75,000 |